പ്രകാശവചനം ● **അബൂമിശ്അൽ, കുന്ദമംഗലം**

# ആശ്വാസമേകുന്ന പ്രാർഥനകൾ

عن النّعمان بن بشير رضي الله عنهما عن النّبيّ ﷺ قال: الدّعاء هو العبادة

നുഅ്മാനുബ്നു ബഷീർ, നബി(സ)യിൽ നിന്ന് നിവേദനം ചെയ്യുന്നു:
നബി(സ) അരുളി: “പ്രാർഥനയാകുന്നു ഇബാദത്ത്”
(അബൂദാവൂദ്, തിർമുദി).

സത്യവിശ്വാസിയുടെ രക്ഷാകവചമാണ് പ്രാർഥന. പ്രതിസന്ധി ഘട്ടത്തിൽ പ്രതീക്ഷയോടെ മുന്നേറാനും ജീവിതം വഴിമുട്ടുമ്പോൾ ആശ്വാസം കണ്ടെത്താനും ആത്മാർഥമായ പ്രാർഥന സഹായിക്കും. അല്ലാഹു പറഞ്ഞു: ‘നിങ്ങൾ എന്നോട് പ്രാർഥിക്കുവിൻ. ഞാൻ നിങ്ങൾക്ക് ഉത്തരമേകും’ (*ഗാഫിർ* 60). ‘എന്റെ അടിമകൾ നിന്നോട് എന്നെക്കുറിച്ച് ചോദിച്ചാൽ പറഞ്ഞേക്കുക. ഞാൻ അവരുടെ ചാരത്ത് തന്നെയുണ്ട്. വിളിക്കുന്നവൻ എന്നെ വിളിച്ചാൽ ഈ വിളികേട്ട് ഞാൻ ഉത്തരം നൽകും. അതിനാൽ അവർ എന്റെ വിളിക്ക് ഉത്തരം നൽകിക്കൊള്ളട്ടെ’ (*അൽബഖറ* 186). ജീവിതത്തിന്റെ ഓരോ ചലനത്തിലും പ്രാർഥനകൾ നിർദേശിച്ച് തരിക വഴി ‘പ്രാർഥനയാണ് ഇബാദത്ത്’എന്ന സത്യം അരക്കിട്ടുറപ്പിക്കുകയാണ് പ്രവാചകൻ. പ്രാർഥന ഇബാദത്തിന്റെ തലച്ചോറാണെന്നും നബി(സ) വ്യക്തമാക്കിയിട്ടുണ്ട്.

അബൂഹുറൈറ(റ) റിപ്പോർട്ട് ചെയ്യുന്നു: ‘അല്ലാഹുവിങ്കൽ പ്രാർഥനയേക്കാൾ മഹത്തരമായ മറ്റൊന്നുമില്ല.’ വിശ്വാസിയുടെ ജീവിതത്തിന് കരുത്തുപകരുന്ന സുപ്രധാന ഘടകം പ്രാർഥനയാണ്. അടിമയുടെ മനംനൊന്തുള്ള പ്രാർഥന സ്വീകരിക്കപ്പെടാതിരിക്കില്ല. നബി(സ) അരുളി: ‘നിശ്ചയം! അടിമക്ക് അയാളുടെ പ്രാർഥന കാരണം മൂന്നിൽ ഒരു കാര്യം ലഭിക്കാതിരിക്കില്ല. ഒന്നുകിൽ അയാളുടെ പാപം പൊറുക്കപ്പെടും. അല്ലെങ്കിൽ എന്തെങ്കിലും ഗുണം പെട്ടെന്ന് സിദ്ധിക്കും. അതുമല്ലെങ്കിൽ ഒരു നന്മ നാളേക്ക് നിക്ഷേപമായിട്ടുണ്ടാകും.’ അടിമയുടെ പ്രാർഥനക്ക് സ്രഷ്ടാവായ അല്ലാഹു കാതോർക്കുന്നു. ആവശ്യങ്ങൾ ചോദിക്കുന്നത് അവന് ഇഷ്ടമാണ്.

ചില വിശേഷ ദിനങ്ങളിലും സമയങ്ങളിലും പ്രാർഥനക്ക് പ്രത്യേകം പുണ്യമുണ്ട്. അത്തരം സന്ദർഭങ്ങളിലുള്ള പ്രാർഥന സ്വീകരിക്കപ്പെടാൻ സാധ്യതയേറെയാണ്. ലൈലത്തുൽ ഖദ്ർ, വെള്ളിയാഴ്ച, അറഫ ദിനം പോലുള്ളവ ഉദാഹരണം. അതുപോലെ രാത്രിയുടെ അന്ത്യയാമങ്ങൾ പ്രാർഥനക്ക് എളുപ്പം ഉത്തരം ലഭിക്കുന്ന സമയമാണ്. ‘അവർ പാതിരാവുകളിൽ പ്രാർഥനാനിമഗ്നരായിരിക്കും’ (*അദ്ദാരിയാത്ത്* 18). അബൂഹുറയ്റ(റ) റിപ്പോർട്ട് ചെയ്യുന്നു: ‘രാവിന്റെ അവസാനത്തെ മൂന്നിലൊന്ന് അവശേഷിക്കുമ്പോൾ അല്ലാഹു ഭൂമിയുടെ തൊട്ടടുത്ത ആകാശത്തേക്ക് ഇറങ്ങിവരും. എന്നിട്ട് ചോദിക്കും: ആരാണ് എന്നോട് പ്രാർഥിക്കുന്നത്, ഞാൻ അവന് ഉത്തരം നൽകും. ആരാണ് എന്നോട് ചോദിക്കുന്നത്, ഞാൻ അവന് നൽകും. ആരാണ് എന്നോട് പാപമോചനം തേടുന്നത്, ഞാൻ അവന് പൊറുത്ത് കൊടുക്കും’ (ബുഖാരി, മുസ്‌ലിം).

അടിമയും ഉടമയും ഏറ്റവുമധികം അടുത്തു നിൽക്കുന്ന സന്ദർഭമാണ് നമസ്കാരം. സത്യവിശ്വാസി തന്റെ നാഥനുമായി സംഭാഷണത്തിൽ ഏർപെടുന്ന അനർഘ നിമിഷങ്ങളാണത്. നമസ്കാരത്തിലെ സുജൂദാകട്ടെ, അതിന്റെ ഉയർന്ന നിലയും. ‘അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: ‘ഒരു അടിമ അല്ലാഹുവുമായി ഏറ്റവുമധികം അടുക്കുന്നത് സുജൂദിലായിരിക്കുമ്പോഴാണ്. അതിനാൽ സുജൂദിൽ ദുആ അധികരിപ്പിക്കുക’ (മുസ്‌ലിം). മുജാഹിദ് പറയുന്നു: ‘നമസ്കാരം നിശ്ചയിക്കപ്പെട്ടിട്ടുള്ളത് ഏറ്റവും നല്ല സമയങ്ങളിലാണ്. അതിനാൽ നമസ്കാരശേഷം പ്രാർഥനയിൽ ഏർപ്പെടുവിൻ’ (*ഇഹ്‌യാ ഉലൂമിദ്ദീൻ*, ഭാഗം ഒന്ന്, പേജ് 403). ബാങ്കിനും ഇഖാമത്തിനുമിടയിലുള്ള പ്രാർഥനയും നോമ്പുകാരന്റെ പ്രാർഥനയും തിരസ്ക്കരിക്കപ്പെടില്ലെന്ന് ഹദീസുകളിൽ വന്നിട്ടുണ്ട്.

ഉത്തരം ലഭിക്കുമെന്ന ഉറച്ച ബോധ്യത്തോടെയും പ്രതീക്ഷയോടെയുമാണ് പ്രാർഥിക്കേണ്ടത്. അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) അരുളി: ‘ഉത്തരം കിട്ടുമെന്ന ഉറച്ച ബോധ്യത്തോടെ നിങ്ങൾ അല്ലാഹുവോട് പ്രാർഥിക്കുവിൻ. അറിയുക, അശ്രദ്ധമായ ഹൃദയത്തിൽ നിന്നുള്ള പ്രാർഥനക്ക് അവൻ ഉത്തരം നൽകില്ല.’ ■